# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,

തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379

ഇമെയിൽ - bcddkerala@gmail.com, വെബ്-സൈറ്റ് –www.bcdd.kerala.gov.in


**BCDIR/325/2025-A2** തീയതി :01-06-2025

<u>ഭരണഭാഷ – മാതൃഭാഷ</u>

## <u>സർക്കുലർ</u>

വിഷയം:- പിന്നാക്ക വിഭാഗ വികസനം – PM-YASASVI OBC, EBC പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി - പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1) സ.ഉ.(സാധാ) നം.17/2022/പി.വി.വി.വ തീയതി, 09/12/2022.

2) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 04.08.2025 ലെ BCDIR/A3/371/2023 നമ്പർ സർക്കുലർ.

3) ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 23.04.2025 ന് ചേർന്ന യോഗത്തെ തുടർന്നുള്ള ഡയറക്ടർമാർക്കുള്ള കുറിപ്പ്.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ തുക വിനിയോഗിച്ച് സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന OBC, EBC വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതിയാണ് PM- YASASVI Pre-Matric Scholarship for OBC, EBC & DNT പദ്ധതി. മാർക്ക്, വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം ₹4000/- അക്കാദമിക് അലവൻസ് അനുവദിക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച് വിദ്യാർത്ഥികൾക്കും സ്കൂൾ അധികൃതർക്കുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സൂചന 2 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലർ റദ്ദ് ചെയ്തും, സൂചന 3 നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിച്ചും ഭേദഗതി സർക്കുലർ പുറപ്പെടുവിക്കുന്നു.

***<u>PM- YASASVI Pre-Matric Scholarship for OBC, EBC & DNT പദ്ധതിയ്ക്കായുള്ള അപേക്ഷ ഓരോ അധ്യയന വർഷവും 9, 10 ക്ലാസ്സുകളിലേയ്ക്കുള്ള പ്രവേശന നടപടികൾക്കൊപ്പം തന്നെ വിദ്യാർത്ഥികളിൽ നിന്നും സ്കൂളിൽ സ്വീകരിക്കേണ്ടതും, സ്കൂൾ അധികൃതർ ഇ-ഗ്രാന്റ്സ് 3.0 പോർട്ടൽ മുഖേന ജൂലൈ 15 നകം ഡാറ്റാ എൻട്രി പൂർത്തീകരിക്കേണ്ടതുമാണ്.</u>***

<u>അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ</u>

1. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന OBC, EBC/EWS (Economically Backward Classes /Economically Weaker Sections — പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ) വിഭാഗങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെയാണ് ഈ പദ്ധതിക്കായി പരിഗണിക്കുന്നത്. OEC വിദ്യാഭ്യാസാനുകൂല്യത്തിന് പരിഗണിക്കുന്ന സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും ടി മാനദണ്ഡങ്ങൾ പ്രകാരം അർഹതയുണ്ടെങ്കിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
2. സമാന രീതിയിലുള്ള സ്കോളർഷിപ്പ് പദ്ധതി നിലവിലുള്ളതിനാൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ അപേക്ഷിക്കേണ്ടതില്ല.
3. സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കാവുന്ന സമുദായങ്ങളുടെ പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു.
4. അപേക്ഷാഫാറത്തിന്റെ മാതൃക അനുബന്ധം 2 ആയി ചേർക്കുന്നു. ആയത് www.bcdd.kerala.gov.in, www.egrantz.kerala.gov.in എന്നീ വെബ് സൈറ്റുകളിലും എല്ലാ സ്കൂളുകളിലും ലഭ്യമാണ്. (ഫോട്ടോസ്റ്റാറ്റ് ഉപയോഗിക്കാവുന്നതാണ്).
5. മാനദണ്ഡങ്ങൾ പ്രകാരം അർഹരായ വിദ്യാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറം പൂരിപ്പിച്ച് ക്ലാസ്സുകളാരംഭിക്കുന്ന മുറയ്ക്ക് സ്കൂൾ പ്രധാനാധ്യാപകനെ ഏൽപ്പിക്കേണ്ടതാണ്.
6. കുടംബ വാർഷിക വരുമാന പരിധി 2,50,000/- രൂപ. ആദ്യമായി അപേക്ഷിക്കുന്നവർ ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന ലഭ്യമായ വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. വരുമാന സർട്ടിഫിക്കറ്റ് ഒരു തവണ സമർപ്പിച്ചാൽ മതിയാകും. (ഒൻപതാം ക്ലാസ്സിൽ സ്കോളർഷിപ്പിന് അപേക്ഷിച്ചവർ പത്താം ക്ലാസ്സിൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.)
7. സ്കൂൾ പ്രവേശന സമയത്ത് ജാതി തെളിയിക്കുന്ന രേഖ ഹാജരാക്കിയിട്ടില്ലാത്തവരും പിന്നീട് മതപരിവർത്തനം നടത്തിയിട്ടുള്ളവരും അപേക്ഷയോടൊപ്പം ജാതി തെളിയിക്കുന്ന രേഖ ഹാജരാക്കേണ്ടതാണ്. ഇതര സംസ്ഥാനത്ത് നിന്നും കേരളത്തിൽ വന്നു താമസിച്ചിട്ടുള്ളവരുടെ കാര്യത്തിൽ, കേരളത്തിലെ റവന്യൂ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.
8. അപേക്ഷിക്കുന്ന എല്ലാവർക്കും സ്കോളർഷിപ്പ് ലഭ്യമാകണമെന്നില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഉയർന്ന പഠന മികവിന്റേയും കുറഞ്ഞ വാർഷിക വരുമാനത്തിന്റേയും അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്തൃ നിർണ്ണയം നടത്തുന്നത്.
9. തിരഞ്ഞെടുക്കപ്പെടുന്ന പക്ഷം ഗുണഭോക്താക്കളുടെ ആധാറുമായി സീഡ് ചെയ്ത ബാങ്ക് അക്കൌണ്ടിലേക്കാണ് സ്കോളർഷിപ്പ് തുക ട്രാൻസ്ഫർ ചെയ്യുന്നത്.

ആധാർ ലിങ്കിങ് & ആധാർ സീഡിങ് എന്നിവ രണ്ട് വ്യത്യസ്ത നടപടി ക്രമങ്ങളാണ്. ബാങ്ക് അക്കൌണ്ട് ആധാറുമായി ലിങ്ക് ചെയ്തു എന്ന കാരണത്താൽ അത് ആധാർ സീഡ് ആവണമെന്നില്ല. ആയതിനാൽ ബാങ്ക് അക്കൌണ്ടുകൾ ആധാറുമായി സീഡ് ചെയ്തിട്ടുണ്ടെന്ന് ബന്ധപ്പെട്ട ബാങ്ക് ശാഖയെ സമീപിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

<u>സ്കൂൾ അധികൃതർക്കുള്ള നിർദ്ദേശങ്ങൾ</u>

1. IX, X ക്ലാസ്സുകളിൽ പഠിക്കുന്ന, അനുബന്ധം 1 ൽ പട്ടികപ്പെടുത്തിയിട്ടുള്ള സമുദായങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കു മാത്രമേ ഈ പദ്ധതി പ്രകാരമുള്ള സ്കോളർഷിപ്പിന് (4000/- രൂപ അക്കാദമിക് അലവൻസ്) അർഹത ഉണ്ടായിരിക്കുകയുള്ളൂ. ഇത് സംബന്ധിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അറിയിപ്പ് നൽകേണ്ടതാണ്.
2. പ്രീമെട്രിക് സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കാവുന്ന സമുദായങ്ങളുടെ പട്ടിക (OBC & EBC/EWS), അപേക്ഷാഫാറത്തിന്റെ മാതൃക എന്നിവ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.
3. ആവശ്യമെങ്കിൽ അപേക്ഷാഫാറം പൂരിപ്പിക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുവാൻ അധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.
4. പൂരിപ്പിച്ച അപേക്ഷകൾ എല്ലാ വർഷവും പ്രവേശന നടപടികളോടൊപ്പം തന്നെ സ്കൂളുകളിൽ സ്വീകരിക്കേണ്ടതാണ്.
5. ഒരു കുടുംബത്തിലെ രണ്ടിൽ കൂടുതൽ ആൺകുട്ടികൾ അപേക്ഷിക്കാൻ പാടില്ല. പെൺകുട്ടികൾക്ക് ഈ നിബന്ധന ബാധകമല്ല.
6. ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പൂർണ്ണമായും ശരിയാണ് എന്ന് ഉറപ്പു വരുത്തേണ്ടത് പ്രധാനാധ്യാപകരുടെ ചുമതലയാണ്. അപേക്ഷകളിൽ നിശ്ചിത സ്ഥാനത്ത് പ്രധാനാധ്യാപകരുടെ ഒപ്പും സീലും പതിയ്ക്കേണ്ടതും, അപേക്ഷകൾ 10 വർഷത്തേയ്ക്ക് സ്കൂളിൽ സൂക്ഷിക്കേണ്ടതുമാണ്.
7. IX, X ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ മുൻവർഷത്തെ മാർക്ക് അടിസ്ഥാനമാക്കിയാണ് ഗുണഭോക്തൃ നിർണ്ണയം നടത്തുന്നത്. മുൻവർഷം വാർഷിക പരീക്ഷയിൽ 60% ഉം അതിൽ കൂടുതലും മാർക്ക്, 75% ഉം അതിൽ കൂടുതലും ഹാജർ എന്നിവ ഉണ്ടായിരിക്കുകയും 2.5 ലക്ഷം രൂപ വരെ വാർഷിക വരുമാനം ഉള്ളവരേയുമാണ് ഈ പദ്ധതി പ്രകാരം സ്കോളർഷിപ്പിന് പരിഗണിക്കുന്നത്. (മാർക്ക് അല്ലെങ്കിൽ ഗ്രേഡിന്റെ ശതമാനം കണക്കാക്കി, പ്രസ്തുത ശതമാനം മാത്രമാണ് ഇ-ഗ്രാന്റ്സിൽ രേഖപ്പെടുത്തേണ്ടത്, മറിച്ച് മാർക്ക്/ഗ്രേഡ് അല്ല.)
8. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഉയർന്ന പഠന മികവിന്റേയും കുടുംബ വാർഷിക വരുമാനത്തിന്റേയും അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്തൃ നിർണ്ണയം നടത്തുന്നത്.
9. പഠന മികവിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്തൃ നിർണ്ണയം നടത്തുന്നത്

എന്നതിനാൽ പ്രൊമോഷൻ ലിസ്റ്റിനെ അടിസ്ഥാനമാക്കിയുള്ള കൃത്യമായ ശതമാനം രേഖപ്പെടുത്തുന്നതിന് അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. മറ്റ് സ്കൂളിൽ നിന്നും വന്ന് പുതുതായി പ്രവേശനം നേടിയവരുടെ കാര്യത്തിൽ, മുൻവർഷം പഠിച്ചിരുന്ന സ്കൂളിലെ പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിനെ അടിസ്ഥാനമാക്കി മാത്രം മാർക്ക് ശതമാനം രേഖപ്പെടുത്തേണ്ടതാണ്. പിന്നാക്ക വിഭാഗ വികസന വകുപ്പിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്കൂൾ സന്ദർശിച്ച് ആവശ്യപ്പെടുന്ന പക്ഷം അഡ്മിഷൻ രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ, അപേക്ഷാഫാറങ്ങൾ, അനുബന്ധ രേഖകൾ, പ്രൊമോഷൻ ലിസ്റ്റ് തുടങ്ങിയ രേഖകൾ പരിശോധനയ്ക്കായി നൽകേണ്ടതാണ്.

10. വരുമാനം, ജാതി എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സ്ഥാപനമേധാവി ഉറപ്പുവരുത്തേണ്ടതാണ്. ഇ-ഗ്രാന്റ്സ് പോർട്ടൽ ഇ-ഡിസ്ട്രിക്ട് പോർട്ടലുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ളതിനാൽ ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന ലഭ്യമായ വരുമാന സർട്ടിഫിക്കറ്റിന്റെ നമ്പർ, സെക്യൂരിറ്റി കോഡ് എന്നിവ ഇ-ഗ്രാന്റ്സ് പോർട്ടലിൽ എന്റർ ചെയ്യേണ്ടതുണ്ട്. ആയതിനാൽ ഓൺലൈനായി ലഭ്യമായ വരുമാന സർട്ടിഫിക്കറ്റ് തന്നെയാണ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളത് എന്ന് പ്രത്യേകം ഉറപ്പു വരുത്തേണ്ടതാണ്.

11. ജാതി, കാറ്റഗറി, ജാതിപ്പേരുകളിലുള്ള അക്ഷരപ്പിശക് തുടങ്ങിയവയുമായി ബന്ധപ്പെട്ട് എന്തെങ്കിലും സംശയം ഉണ്ടാവുന്ന പക്ഷം പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുമായി ആശയവിനിമയം നടത്തി സംശയനിവൃത്തി വരുത്തിയ ശേഷം മാത്രം ഡാറ്റാ എൻട്രി നടത്തേണ്ടതാണ്. വെബ്-സൈറ്റിൽ രേഖപ്പെടുത്താത്ത ജാതികളൊന്നും തന്നെ അപേക്ഷയ്ക്ക് പരിഗണിക്കേണ്ടതില്ല.

12. ലഭ്യമാകുന്ന അപേക്ഷകൾ ഇഗ്രാന്റ്സ് പോർട്ടൽ 3.0 മുഖേന ജൂലൈ 15 വരെ ഡാറ്റാ എൻട്രി നടത്താവുന്നതാണ്. അപേക്ഷകൾ ഫോർവേഡ് ചെയ്യുന്നതിന് തുടർന്നും സമയം അനുവദിക്കുന്നതല്ല. സ്കൂളുകളിൽ നിന്നും അപേക്ഷകൾ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ അതത് മേഖലാ ആഫീസുകളിൽ ഇ-ഗ്രാന്റ്സ് മുഖേന ലഭ്യമാകുന്നതാണ്. ഡാറ്റാ എൻട്രി സംബന്ധമായ പ്രശ്നങ്ങൾ egrantz3.0helpline2@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ്.

13. വിദ്യാർത്ഥികളുടെ ആധാറുമായി സീഡ് ചെയ്ത ബാങ്ക് അക്കൌണ്ടിലേക്കാണ് സ്കോളർഷിപ്പ് തുക ട്രാൻസ്ഫർ ചെയ്യുന്നത് എന്നതിനാൽ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൌണ്ട് സീഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആധാർ സീഡിംഗ്, ആധാർ ലിങ്കിംഗ് എന്നിവ വ്യത്യസ്തമായ നടപടിക്രമങ്ങളാണ്. ആധാർ ലിങ്ക് ചെയ്തു എന്നത് കൊണ്ട് സീഡഡ് ആകണമെന്നില്ല. അതത് ബാങ്ക് ശാഖയുമായി ബന്ധപ്പെട്ട് ബാങ്ക് അക്കൌണ്ട് സീഡഡ് ആണെന്ന് ഉറപ്പു വരുത്തുന്നതിന് രക്ഷിതാക്കൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

14. നിശ്ചിത സമയത്തിനകം ഡാറ്റാ എൻട്രി നടത്താത്തതിനാൽ അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാവാത്തതോ, തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലൂടെ അനർഹർക്ക് ആനുകൂല്യം ലഭ്യമാകുന്നതോ ആയ സാഹചര്യങ്ങൾ തീർത്തും ഒഴിവാക്കപ്പെടേണ്ടതാണ്.
15. USS, NMMS, NTSE തുടങ്ങിയ വിവിധ മത്സര പരീക്ഷകളിലെ മികവിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് ലഭിക്കുന്നവരേയും, ഭിന്നശേഷി സ്കോളർഷിപ്പ്, സ്നേഹപൂർവ്വം സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നവരേയും ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കേണ്ടതില്ല.
16. സമാന രീതിയിലുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല. ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക തിരിച്ചടയ്ക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ അതത് മേഖലാ ആഫീസുമായി ബന്ധപ്പെടാവുന്നതാണ്.

| സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല | ബന്ധപ്പെട്ട ഓഫീസ് |
|---|---|
| തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>ടി.കെ മാധവൻ മെമ്മോറിയൽ ബിൽഡിംഗ്,<br>മുണ്ടയ്ക്കൽ, കൊല്ലം - 691001<br>ഫോൺ - 0474 2914417<br>ഇ-മെയിൽ - bcddklm@gmail.com |
| ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ, രണ്ടാം നില<br>കാക്കനാട്, എറണാകുളം - 682030<br>ഫോൺ - 0484 2983130<br>ഇ-മെയിൽ - bcdderanakulam@gmail.com |
| തൃശ്ശൂർ, പാലക്കാട്, മലപ്പുറം | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>നാലാം നില, മിനി സിവിൽ സ്റ്റേഷൻ<br>സ്വാതി ജംഗ്ഷൻ, ആലത്തൂർ<br>പാലക്കാട്-678541<br>ഫോൺ - 0492 2222335<br>ഇ-മെയിൽ - bcddpkd@gmail.com |

| | |
|---|---|
| കോഴിക്കോട്, കണ്ണൂർ, വയനാട്, കാസറഗോഡ് | **മേഖലാ ഡെപ്യൂട്ടി ഡയറക്ടർ**<br>**പിന്നാക്ക വിഭാഗ വികസന വകുപ്പ്**<br>**സിവിൽ സ്റ്റേഷൻ, കോഴിക്കോട് - 673020**<br>**ഫോൺ - 0495 2377786**<br>**ഇ-മെയിൽ - bcddcalicut@gmail.com** |

**(ഒപ്പ്)**
**ഡെപ്യൂട്ടി ഡയറക്ടർ**
**ഡയറക്ടർക്കു വേണ്ടി**

**പകർപ്പ്.**

1. ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകപ്പ് (ഉപരിപത്രം സഹിതം)
4. ഡയറക്ടർ, പട്ടികജാതി വികസന വകപ്പ്
5. രജിസ്ട്രാർ, സി-ഡിറ്റ്
6. മാനേജർ, ഐ.ടി ഡിവിഷൻ - പി.വി.വി.വ
7. ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർ, ഇ-ഗ്രാന്റ്സ്
8. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ - കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്
9. എല്ലാ DD/DEO/AEO മാർക്കും (ഇ-മെയിൽ മുഖേന)
10. എല്ലാ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്കും (അറിവിലേക്കായി)
11. എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപകർക്കും - ഡി.ഇ.ഒ മുഖേന
12. നോട്ടീസ് ബോർഡ്/കരുതൽ/ അധികം

അംഗീകാരത്തോടെ

Signed by Rophin K R
Date: 02-06-2025 10:54:43
സീനിയർ സൂപ്രണ്ട്

**Annexure - 1**

# PM YASASVI OBC EBC Prematric Scholarship

**Eligible Caste List**

| Sl No. | Caste Name |
|---|---|
| 1 | Agasa |
| 2 | Allar(Alan) |
| 3 | Ambalakkaran |
| 4 | Ambattan, Pranopakari, Nusuvan |
| 5 | Anchunadu Vellallars |
| 6 | Araya |
| 7 | Aremahrati |
| 8 | Arya |
| 9 | Atagara |
| 10 | Bandari |
| 11 | Bestha |
| 12 | Billava |
| 13 | Boya |
| 14 | Boyan |
| 15 | Chakkala |
| 16 | Chakkala Nair |
| 17 | Chakkamar |
| 18 | Chakravar, Sakravar (Kavathi) |
| 19 | Chavalakkaran |
| 20 | Chetty/Chetties (Kottar Chetties, Parakka Chetties, Elur Chetties,Attingal Chetties,Pudukkada Chetties, Iraniel Chetties, Sri Pandara Chetties, Telugu Chetties, Udiyankulangara Chetties, Peroorkada Chetties, Sadhu Chetties,24 Manai Chetties, Wayanadan Chetties,Kalavara Chetties and 24 Manai Telugu Chetties, Mountadan Chetties,EdanadanChetties) |
| 21 | Chingathan |
| 22 | Devadiga |
| 23 | Devanga |
| 24 | Dheevara ( Arayan, Valan, Nulayan,Mukkuvan, Arayavathi, Valinjiar, Paniakkal, Mukaya, Bovi, Mukayar and Mukaveeran) |
| 25 | Dheevaran |

| | |
|---|---|
| 26 | Ezhavas and Thiyyas<br>(1) Izhavan, Ishavan, Ezhavan<br>(2) Ezhuva, Izhuvz, Ishuvz<br>(3) Izhuvzn, Ishuvan, Ezhuvan<br>(4) Izhava, Izhavan, Ishavan<br>(5) Illuva<br>(6) Illuvan<br>(7) Irava<br>(8) Iruva<br>(9) Ezhavas and Thiyyas |
| 27 | Ezhavathi (Vathy) |
| 28 | Ezhuthachan |
| 29 | Galada Konkani |
| 30 | Ganika |
| 31 | Ganjam Reddis (In Malabar District) |
| 32 | Gatti |
| 33 | Golla and Kolaries |
| 34 | Gowda |
| 35 | Gudigara |
| 36 | Hegde |
| 37 | Hindu Nadars |
| 38 | Idiga including Settibalija |
| 39 | Illa Vellalar |
| 40 | Illathar |
| 41 | Illathupillai |
| 42 | Irivavan |
| 43 | Jhetty |
| 44 | Jogi |
| 45 | Kabera |
| 46 | Kadupattan |
| 47 | Kaikolan |
| 48 | Kalanadi |
| 49 | Kalari Kurup or Kalari Panicker |
| 50 | Kalavanthula |
| 51 | Kallan including Ishanattu Kallar |
| 52 | Kammara |
| 53 | Kanisu or KaniyarPanicker, Kani or Kaniyan (Ganaka) or Kanisan or Kamnan, KalariKurup / KalariPanicker |
| 54 | Kaniyan |

| | |
|---|---|
| 55 | Kannadiyans |
| 56 | Karanibhakatulu |
| 57 | Karikalabhakulu |
| 58 | Kavudiyaru |
| 59 | Kavuthiya |
| 60 | Kavuthiya |
| 61 | Kavuthiyan |
| 62 | Kelasi (Kalasi Panicker) |
| 63 | Kerala Mudalis |
| 64 | Kharvi |
| 65 | Khatri |
| 66 | Kodangi Naikan |
| 67 | Kongu Navithan, Vettuva Navithan and Aduthon |
| 68 | Koppala Velamas |
| 69 | Korachas |
| 70 | Koteyar |
| 71 | Krishnanvaka |
| 72 | Kudumbi/Kudumbis |
| 73 | Kumbarans |
| 74 | Kundu–Vadiyan |
| 75 | Kunnuvar Mannadi |
| 76 | Kunuvarmanadi` |
| 77 | Kuruba |
| 78 | Kurumba |
| 79 | Kusavan (Kulala/Kulalan, Kumbharan, Velaan, Odan, Kulala Nair or Andhra Nair or Anthuru Nair/Andhuru Nair) |
| 80 | Madiga |
| 81 | Madivala |
| 82 | Mahendra Medara |
| 83 | Mahratta(Non Brahman) |
| 84 | Malamuttan |
| 85 | Malavettuvar (Except Kasargod& Kannur Districts) |
| 86 | Malayalar |
| 87 | Malayan, Konga-Malayan (Kasargod, Kannur, Wayanad& Kozhikode District) |
| 88 | Malayekandi (Throughout the State Except Malabar District) |
| 89 | Marati (Throughout the State except Kasaragod and Hosdurg Taluk, Malabar District) |

| | |
|---|---|
| 90 | Maravans |
| 91 | Maruthuvar |
| 92 | Melakudi(Kudiyan) |
| 93 | Modibanda |
| 94 | Mogers of Kasaragod Taluk |
| 95 | Moili |
| 96 | Moniagar |
| 97 | Mooppar or Kallan Mooppan or Kallan Moopar |
| 98 | Mukhari,Moovari |
| 99 | Naicken including Tholuva Naicker and Vettilakkara Naicker |
| 100 | Naidu |
| 101 | Naikkans |
| 102 | Odans |
| 103 | Padyachi(Vilayankuppam |
| 104 | Palli |
| 105 | Pandithar/Pandithars |
| 106 | Panimalayan |
| 107 | Panniyar |
| 108 | Parkavakulam(Sruthiman,Malayaman,Nathaman,Moopanar and Nainar |
| 109 | Pathiyan (other than Dhobies) |
| 110 | Patnukkaran |
| 111 | Pattariyas |
| 112 | PulayaVettuvan (Except Kochi State) |
| 113 | Rajaka |
| 114 | Rajapur |
| 115 | Reddiars |
| 116 | Reddiars (throughout the State except in Malabar Area) |
| 117 | Saiva Vellala (Cherakula Vellala, Karkartha Vellala, Chozhiya Vellala, Pillai) (In Palakkad District) |
| 118 | Sale |
| 119 | Saliyas, Chaliya (Chaliyan),Padmasali |
| 120 | Senai Thalavar (Elavaniar) |
| 121 | senaikudayam |
| 122 | Senapathula |
| 123 | Sourashtras |
| 124 | Thachar who are carpenters |

| | |
|---|---|
| 125 | The Kongu Vellala Gounder including Vellala Gounder, Nattu Gounder, Pala Gounder, Poosan Gounder,and Pala Vellala Gounder |
| 126 | Thogatta |
| 127 | Tholkolans |
| 128 | Tholkollans |
| 129 | Thottian |
| 130 | Uppara(Sagara) |
| 131 | Ural Goundan |
| 132 | Vada Balija |
| 133 | Vaduka–Vadukan, Vadugar, Vaduka, Vaduvan |
| 134 | Vaduvans, Vadugans, Vadukars and Vadukas (Vadukans) |
| 135 | Vairavi, Vairagi, Yogeeswar, Matapathi |
| 136 | Vakkaliga |
| 137 | Valaiyan |
| 138 | Vaniar |
| 139 | Vaniya |
| 140 | Vaniya/Vanians (Vanika, Vanika Vaisya/VanikaVaisya, Vanibha Chetty/VanibhaChetty, Vaniya Chetty/VaniyaChetty, Ayiravar, Nagarathar and Vaniyan) |
| 141 | Veerasaiva/Veerasaivas (Yogi/Yogis, Yogeeswara, Poopandaram/Malapandaram, Jangam, Matapathi, Pandaram, Pandaran, Vairavi, Vairagi) |
| 142 | Velaans (Velaan, Velaar) |
| 143 | Veluthedathu Nair (Veluthedan and Vannathan) |
| 144 | Veluthedathu Nair (Veluthedan and Vannaythan) |
| 145 | Vilakkithala Nair (Vilakkithalavan) |
| 146 | Vishavan (In Malabar District) |
| 147 | Viswakarmas including Asari, Chaptegra, Kallasari,Kalthachan, Kammala, Kamsala, Kannan, Karuvan, Kitaran, kollan, Malayala Kammala, Moosari, Pandikammala, Pandithattan, Perumkollan, Thachan, Thattan, Vilkurup, Villasan, Viswabrahmanan or Viswabrahmanar, Viswakamala, Palisa Perumkollan and Kadachi kollan |

| | |
|---|---|
| 148 | Yadavas (Kolaya, Ayar, Mayar, Maniyani, Iruman and Erumakkar) |
| 149 | അമ്പലവാസി |
| 150 | ഉണ്ണി |
| 151 | വാര്യർ |
| 152 | കുരുക്കൾ |
| 153 | ഗുരുക്കൾ |
| 154 | നമ്പ്യാർ |
| 155 | നമ്പീശൻ |
| 156 | പിഷാരോടി |
| 157 | പുഷ്പ ഉണ്ണി/പുഷ്പക ഉണ്ണി |
| 158 | പുഷ്പക |
| 159 | നമ്പിടി |
| 160 | ചാക്യാർ |
| 161 | അടികൾ |
| 162 | കല്ലാട്ട് കുറുപ്പ്/കല്ലാറ്റ കുറുപ്പ് |
| 163 | പൂജാരി |
| 164 | തീയാട്ടുണ്ണി |
| 165 | നാട്ടുപട്ടർ |
| 166 | അമ്മുക്കുടകൻ |
| 167 | ആര്യ സമാജിസ്റ്റി |
| 168 | ആണ്ടി |
| 169 | ഇരയർ |
| 170 | ഈസായി വെള്ളാള |
| 171 | ഊരാളി നായർ |
| 172 | കൂർഗ് |
| 173 | കൊടിഗാർ |
| 174 | കൊടിയാവ |
| 175 | കോടിഗാര |
| 176 | കോടിഗാർ |

| | |
|---|---|
| 177 | കോമരൻ |
| 178 | കോടയ |
| 179 | കോനാർ |
| 180 | കോലൻ |
| 181 | കോടിക്ഷത്രിയ |
| 182 | കുമാര ക്ഷത്രിയ |
| 183 | ക്ഷത്രിയ |
| 184 | തമ്പുരാൻ |
| 185 | തിരുമുൽപാട് |
| 186 | രാജ |
| 187 | രാമക്ഷത്രിയ |
| 188 | തമ്പാൻ |
| 189 | ക്ഷത്രിയ ഉണ്ണിത്തിരി/ക്ഷത്രിയ ഉണിതിരി |
| 190 | ക്ഷത്രിയാർ |
| 191 | ക്ഷീരഗാര |
| 192 | ഗുപ്തൻ |
| 193 | ഗൊല്ല |
| 194 | ഗൌഡർ |
| 195 | ചാക്കവർ |
| 196 | ചാലവർ |
| 197 | ചെട്ടിയാർ |
| 198 | ചോയി |
| 199 | ചോർത്തപണിക്കർ |
| 200 | തരഗൻ |
| 201 | ദേവദാസി |
| 202 | നായർ |
| 203 | പിള്ള |
| 204 | തമ്പി |
| 205 | ചെമ്പകരാമൻ |

| | |
|---|---|
| 206 | ഉണ്ണിത്താൻ |
| 207 | വല്യത്താൻ |
| 208 | കർത്താ |
| 209 | കുറുപ്പ് |
| 210 | കൈമൾ |
| 211 | ചെമ്പോറ്റി |
| 212 | തരകൻ |
| 213 | തലയനായർ |
| 214 | പണിക്കർ |
| 215 | പള്ളിച്ചൻ |
| 216 | പുൽവാനായർ |
| 217 | പൊതുവാൾ |
| 218 | മാരാർ |
| 219 | നായർ കുറുപ്പ് |
| 220 | മന്നാടിയാർ/മന്ദാടിയാർ |
| 221 | മാരയൻ |
| 222 | മാടമ്പി |
| 223 | മൂത്താൻ |
| 224 | മേനോൻ |
| 225 | വേട്ടക്കാട്ട് നായർ |
| 226 | കിരിയത്ത് നായർ |
| 227 | സ്വരൂപത്തിൽ നായർ |
| 228 | ഇല്ലത്ത് നായർ |
| 229 | ദേവമംഗലത്ത് നായർ |
| 230 | ശൂദ്രർ |
| 231 | നാവിത്താർ |
| 232 | നെടുങ്ങാടി |
| 233 | അടിയോടി |
| 234 | ഉണ്ണിയാതിരി |

| | |
|---|---|
| 235 | ഏറാടി |
| 236 | കിട്ടാവ്യ(കിടാവ്) |
| 237 | പണ്ടാല |
| 238 | വെള്ളോടി |
| 239 | സാമന്ത |
| 240 | സാമന്തരാജ |
| 241 | സാമന്ത കർത്താവ് |
| 242 | തിരുമുൽപ്പാട് |
| 243 | നായനാർ (കരിക്കാട്ടിടം, പുതിയടം) |
| 244 | വാഴുന്നവർ (കീഴൂരിടം) |
| 245 | ഗുരുക്കൾ (ചിറ്റോത്തിടം) |
| 246 | പൻജി |
| 247 | പരദേശി |
| 248 | പരിയാരി |
| 249 | പാണ്ടിബ്യഡറാ |
| 250 | പത്തുക്കുടി (പത്തുകുടി,തരകൻ,പത്തുകുടി മന്ദാടിയാർ) |
| 251 | പുരുഷ |
| 252 | ബല്ലാൽ |
| 253 | ബവുരി |
| 254 | ബ്രാഹ്മണൻ |
| 255 | എമ്പ്രാൻ |
| 256 | എമ്പ്രാന്തിരി |
| 257 | നമ്പി |
| 258 | നമ്പൂതിരി/നമ്പൂതിരിപ്പാട് |
| 259 | പോറ്റി |
| 260 | ഭട്ടതിരി/ഭട്ടതിരിപ്പാട് |
| 261 | ഇളയത് |
| 262 | മൂത്തത് |
| 263 | മൂസത് |

| | |
|---|---|
| 264 | തുളു ബ്രാഹ്മിൻ |
| 265 | ഗൌഡ സാരസ്വത ബ്രാഹ്മണർ |
| 266 | വർമ്മ |
| 267 | തമിഴ് ബ്രാഹ്മണർ |
| 268 | കർണ്ണാടക കോട്ട ബ്രാഹ്മണർ |
| 269 | മണിയൻ |
| 270 | മലയിപണിക്കർ |
| 271 | മല്ലർ |
| 272 | മാടപ്പതി |
| 273 | മുക്കലം |
| 274 | മുനിയാനി |
| 275 | മുത്തുരാജ |
| 276 | മുളിയാസ് |
| 277 | മേലേക്കാരാർ |
| 278 | ലിംഗായത്ത് അമ്പലക്കാരൻ |
| 279 | വളയഞ്ഞാഴി |
| 280 | വെള്ളാള |
| 281 | വൈശ്യൻ |
| 282 | ശെങ്കുത്താർ |
| 283 | ശൈവ പിള്ള |
| 284 | സേർവഗാര |
| 285 | കൊങ്ങിണി |
| 286 | ഹിന്ദു വൈശ്യ |
| 287 | മന്നാടിയാർ |
| 288 | ശ്രീ സാഗര ഹിന്ദുമത |
| 289 | ബണ്ട് |
| 290 | അധികാരി |
| 291 | ഭട്ട് |
| 292 | നമ്പ്യാതിരി |

Annexure - 2

| അപേക്ഷാ നം: |
|---|

**കേരള സർക്കാർ**

## പിന്നാക്ക വിഭാഗ വികസന വകുപ്പ്

### PM-YASASVI - ഒ.ബി.സി., ഇ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷാ ഫാറം

1. വിദ്യാർത്ഥിയുടെ പേര് :
2. രക്ഷിതാവിന്റെ പേര് :
3. വിദ്യാർത്ഥിയുമായുള്ള ബന്ധം :
4. മതം/ജാതി :
5. ക്ലാസ്സ്
6. അഡ്മിഷൻ നമ്പർ
7. ജനന തീയതി
8. ആൺ/പെൺ/മറ്റുള്ളവ
9. രക്ഷിതാവിന്റെ വാർഷിക വരുമാനം
10. ആധാർ നമ്പർ
11.

| വിദ്യാർത്ഥിയുടെ പേരും മേൽ വിലാസവും (ജില്ല, പിൻ കോഡ് എന്നിവ സഹിതം) | പഠിക്കുന്ന സ്കൂളിന്റെ പേരും മേൽ വിലാസവും (ജില്ല, പിൻ കോഡ് എന്നിവ സഹിതം) |
|---|---|
| | |
| മൊബൈൽ നം: | |

12. മുൻ വർഷത്തെ മാർക്ക്/ഗ്രേഡ് (ശതമാനത്തിൽ) :
13. ഭിന്നശേഷി ഉണ്ടോ? ഉണ്ടെങ്കിൽ തരം :

### രക്ഷിതാവിന്റെ സത്യപ്രസ്താവന

……………………………………………………………സ്കൂളിൽ ……………………………ക്ലാസ്സിൽ പഠിക്കുന്ന ……………………………………………………………………എന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനിയുടെ രക്ഷിതാവ് ആയ ………………………………………………………എന്ന ഞാൻ,……………………………………………………………………………………… (മതം/ജാതി) എന്ന ഒ.ബി.സി./ഇ.ബി.സി സമുദായത്തിൽപ്പെട്ടയാളാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഈ അപേക്ഷയിലെ എന്തെങ്കിലും വിവരം തെറ്റാണെന്ന് തെളിയിക്കപ്പെടുന്ന പക്ഷം അപേക്ഷകന് ലഭിക്കുന്ന തുക മുഴുവനായും തിരിച്ചടയ്ക്കാമെന്നും, നിയമപരമായ മറ്റു നടപടികൾക്ക് വിധേയമായിക്കൊള്ളാമെന്നും ഇതിനാൽ സമ്മതിക്കുന്നു.

സ്ഥലം:

തീയതി: വിദ്യാർത്ഥിയുടെ പേരും ഒപ്പും രക്ഷിതാവിന്റെ പേരും ഒപ്പും

*(മറുപുറം)*

14. വിദ്യാർത്ഥിയുടെ ആധാർ സീഡഡ് ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ

(അക്കൗണ്ട് ആധാറുമായി സീഡഡ് ആയിരിക്കണം - ബാങ്ക് പാസ് ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ് ഹാജരാക്കണം)

| | |
|---|---|
| ബാങ്കിന്റെ പേര് | |
| ബ്രാഞ്ച് | |
| അക്കൗണ്ട് ഹോൾഡറുടെ പേര് | |
| അക്കൗണ്ട് നമ്പർ | |
| IFS കോഡ് | |

## സാക്ഷ്യപത്രം

ഈ അപേക്ഷയിലെ വിദ്യാർത്ഥി/വിദ്യാർത്ഥിനി മുൻ അധ്യയന വർഷം 60% ൽ കുറയാത്ത സ്കോർ/ഗ്രേഡ് കരസ്ഥമാക്കിയിട്ടുണ്ടെന്നും, ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ സ്കൂൾ രേഖകൾ പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട് എന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി: (ആഫീസ് മുദ്ര) സ്ഥാപന മേധാവിയുടെ പേരും ഒപ്പും

---

***സ്ഥാപന മേധാവിയുടെ ശ്രദ്ധയ്ക്ക്

**വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകൾ അവരുടെ ആധാറുമായി സീഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആധാറുമായി ബാങ്ക് അക്കൗണ്ട് ബന്ധിപ്പിച്ച (ലിങ്ക് ചെയ്തു) എന്നത് കൊണ്ട് ആധാർ സീഡഡ് ആകണമെന്നില്ല. ആയതിനാൽ ഓരോ വിദ്യാർത്ഥിയുടേയും ബാങ്ക് അക്കൗണ്ടുകൾ സീഡഡ് ആണോയെന്ന് അതത് ബാങ്ക് ബ്രാഞ്ചിനെ സമീപിച്ച് ഉറപ്പ് വരുത്തുന്നതിനും അല്ലായെങ്കിൽ അപ്രകാരം ആധാർ സീഡഡ് ആക്കുന്നതിനുമായി രക്ഷിതാക്കൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.**